# ആമുഖം

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിലാണ് സരസ്വതീ വിദ്യാമന്ദിർ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ പ്രവർത്തിക്കുന്നത്. ഗവൺമെന്റ് അംഗീകൃത അൺ എയിഡഡ് വിദ്യാലയമാണ് 1995ൽ സ്ഥാപിതമായ ഈ വിദ്യാലയം. 2025 ൽ അതിന്റെ 30-ാം വയസ്സിലേക്ക് കടന്നിരിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ തന്നെ എണ്ണപ്പെട്ട വിദ്യാലയങ്ങളിൽ ഒന്നാണ് സരസ്വതീ വിദ്യാമന്ദിർ നന്മണ്ട. ഇരുപത്തിഒന്ന് വർഷമായി തുടർച്ചയായി എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം നേടുന്നു. ഈ വർഷം **A+** വിജയശതമാനത്തിൽ ജില്ലയിൽ നാലാം സ്ഥാനമാണ് വിദ്യാലയം നേടിയത്.

കലാരംഗത്ത് സംസ്ഥാനത്ത് നിരവധിതവണ വ്യത്യസ്ത ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. വന്ദേമാതരം, സംസ്കൃതപ്രഭാഷണം, സംസ്കൃതസംഘഗാനം, കഥാപ്രസംഗം എന്നീ ഇനങ്ങളിൽ സംസ്ഥാനജേതാക്കളായിട്ടുണ്ട്. കായിരംഗത്ത് വിവിധ മത്സരങ്ങളിൽ സബ്ജില്ലാജേതാക്കളായിട്ടുണ്ട്. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ വിദ്യാലയത്തിലെ എല്ലാ കുട്ടികളേയും പങ്കെടുപ്പിക്കുന്നുണ്ട്. ഉൾച്ചേർന്ന വിദ്യാഭ്യാസം [Inclusive Education] പ്രാവർത്തികമാക്കാനും വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും വിദ്യാലയത്തിന് കഴിയുന്നുണ്ട്. പഠനപിന്നോക്കാവസ്ഥയ്ക്ക്പരിബോധനക്ലാസുകൾ ടൈംടേബിൾ പ്രകാരം ദിവസവും നൽകുന്നുണ്ട്. കൗൺസിലിംഗ് ആവശ്യമുള്ള കുട്ടികൾക്ക് രക്ഷിതാക്കളെ വിളിച്ചുവരുത്തി നിർദ്ദേശങ്ങൾ നൽകുകയും വിദ്യാലയം മുൻകൈയെടുത്തും കൗൺസിലിംഗ് നൽകാറുണ്ട്.

ഈ വർഷം ലഹരിവിരുദ്ധദിനത്തിൽ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസും നിരവധി പ്രവർത്തനങ്ങളും നടപ്പാക്കി. സ്കൂൾ തുറന്ന് ആദ്യത്തെ ഒരാഴ്ചക്കാലം പൊതു വിദ്യാഭ്യാസ വകുപ്പ് നൽകിയ നിർദ്ദേശപ്രകാരം ക്ലാസധ്യാപകർ വ്യത്യസ്ത വിഷയങ്ങളിൽ കുട്ടികൾക്ക് അറിവ് നൽകി.

സ്കൂൾ മേനേജ്മെന്റ് കുട്ടികൾക്കാവശ്യമായ ക്ലാസ് മുറികൾ, സ്മാർട്ട്റൂം, ശുദ്ധജലകുടിവെള്ള സൗകര്യം, പോഷകസമൃദ്ധമായ ഉച്ചഭക്ഷണ പദ്ധതി, മിനിമം നിരക്കിൽ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പത്തുമണിക്ക് സൗജന്യ കഞ്ഞി എന്നീ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ കാഴ്ച വെക്കുന്നുണ്ട്. സ്കൂൾ **PTA** യുടെ നേതൃത്വത്തിൽ സ്കൂളിന് വിപുലമായ ലൈബ്രറി, **IT** ലാബിലേക്ക് കമ്പ്യൂട്ടർ എന്നിവ നൽകി. അക്കാദമിക് പ്രവർത്തനങ്ങളിൽ സജീവമായ പിന്തുണ നൽകി വരുന്നുണ്ട്. ഈ വർഷം 75 പുതിയ അഡ്മിഷൻ വിദ്യാലയത്തിൽ വന്നിട്ടുണ്ട്.

സീഡ് പദ്ധതി പ്രകാരം മികച്ച അടുക്കളത്തോട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്കൗട്ട്സ്, ഗൈഡ്സ് കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. സ്കൂളിൽ ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ കുട്ടികളെ നിരന്തരം നിരീക്ഷിക്കുകയും കൈത്താങ്ങ് ആവശ്യമെന്ന് തോന്നിയവരെ ചേർത്ത് പിടിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് ആയി വിദ്യാലയത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. തുടർപ്രവർത്തനം നടത്തുന്നുണ്ട്. എല്ലാ കുട്ടികൾക്കും ഉപയോഗിക്കാൻ ആവശ്യമായ ശൗചാലയം വളരെ വൃത്തിയിൽ അണുവിമുക്തമാക്കി സൂക്ഷിക്കുന്നുണ്ട്.

## ഈ വർഷത്തെ പ്രധാന നേട്ടങ്ങൾ

S S L C പരീക്ഷയിൽ 100% വിജയം.
ജില്ലയിൽ **A+** വിജയത്തിൽ നാലാംസ്ഥാനം.
USS വിജയികൾ - ഇരുപത്തിമൂന്ന്
LSS വിജയികൾ- പത്ത്

## വിദ്യാലയം നേരിടുന്ന പരിമിതികൾ

എല്ലാ ക്ലാസുകളും ഹൈടെക് നിലവാരത്തിലേക്കുയർന്നിട്ടില്ല. സ്മാർട്ട് ക്ലാസ്റൂം പ്രവർത്തനവും എല്ലാ ക്ലാസിലേക്കുമില്ല. സയൻസ് ലാബ് സൗകര്യം പരിമിതമാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് പ്രത്യേകലാബ് എന്നതാണ് ഈ വർഷത്തെ ലക്ഷ്യങ്ങളിലൊന്ന്. വായനമുറി ഉണ്ടെങ്കിലും കൂടുതൽ കുട്ടികൾക്ക് മുഴുവൻ ഉൾക്കൊണ്ട് കൊണ്ട് പരിപാടികൾ നടത്താനുള്ള ഓഡിറ്റോറിയം ഇല്ല. അത് പോലെ കുട്ടികൾക്ക് ഒരുമിച്ചിരുന്ന് ആഹാരം കഴിക്കാനുള്ള ഭോജനശാല നിലവിലില്ല. ആധുനിക സൗകര്യത്തോടുകൂടിയ ഒരു ഓഡിറ്റോറിയം, ഭോജനശാല എന്നിവ നിർമ്മിക്കുക എന്നതാണ് 30-ാം വാർഷിക വർഷത്തിൽ വിദ്യാലയത്തിന്റെ പ്രധാനലക്ഷ്യം.

## സാമൂഹികം

വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം സമൂഹവുമായി ബന്ധിപ്പിക്കുന്നതാണ് സാമൂഹ്യശുചിത്വം. വൃക്ഷത്തെ വച്ചുപിടിപ്പിക്കുക, പരിസരശുചിത്വ പരിപാടികൾ, വിവിധ തരം സർവേ പ്രവർത്തനങ്ങൾ എന്നിവ സാമൂഹികാംഗീകാരം പിടിച്ചുപറ്റിയിട്ടുണ്ട്. പ്രവർത്തന ബാഹുല്യം പഠനസമയം കൂടുതൽ നഷ്ടപ്പെടുത്തുന്നു എന്നത് ഒരു പരിമിതിയായി ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്.

## അക്കാദമിക് മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
3. വായനാശേഷി വർദ്ധനവ്
4. ശാസ്ത്രവിഷയപോഷണ പരിപാടികൾ
5. ലൈബ്രറി ശാക്തീകരണം
6. ബട്ടർഫ്ളൈ പാർക്ക് നിർമ്മാണം
7. വിവിധ സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
8. പഠനയാത്രകൾ
9. അധ്യാപക ശാക്തീകരണം (SRG തലം മുതൽ)
10. കലാപോഷണം
11. അടുക്കളത്തോട്ട നിർമ്മാണം
12. മെഡിക്കൽ ക്യാമ്പ്
13. ഉച്ചഭക്ഷണ, ലഘുഭക്ഷണപദ്ധതി കാര്യക്ഷമമാക്കൽ
14. ദിനാചരണങ്ങൾ
15. കായികശേഷി വികസനം
16. നിരന്തരമൂല്യനിർണ്ണയം കാര്യക്ഷമമായി നടത്തൽ
17. IT പഠനം കാര്യക്ഷമമാക്കുക
18. ജന്മദിന പുസ്തക സമ്മാനപദ്ധതി
19. ക്ലാസ് PTA കാര്യക്ഷമമായി നടത്തൽ

<u>**പ്രവർത്തനം – വിശദാംശങ്ങൾ**</u>

| **ഉപമേഖല – ഇംഗ്ലീഷ് ഭാഷാപഠനം<br>പ്രവർത്തനം – ഭാഷാശേഷി വികസനം** | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ- ഡിബേറ്റ്, സെമിനാർ, പ്രസംഗം സംഘടിപ്പിക്കൽ<br>3. ഇംഗ്ലീഷ് അസംബ്ലി<br>4. ഇംഗ്ലീഷിൽ ഡയറി എഴുത്ത് | എല്ലാ ക്ലാസും വർഷം മുഴുവൻ<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>ആഴ്ചയിൽ ഒരു ദിവസം<br>എല്ലാ ദിവസവും | ഇംഗ്ലീഷ് ടീച്ചർ<br><br><br>ഇംഗ്ലീഷ് ടീച്ചർ |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മകശേഷി വളർത്തുക | 1. ഇംഗ്ലീഷ് കഥ, കവിതാ രചനാ ക്യാമ്പ്<br>2. സ്കിറ്റ്, നാടകം, സംഭാഷണം<br>3. ന്യൂസ് റീഡിംഗ് | മൂന്നു മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറി- ഇംഗ്ലീഷ് പത്രം- ക്ലാസിൽ - ഒന്ന് വായനക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ |

**ഉപമേഖല – മലയാളം**
**പ്രവർത്തനം – ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസം എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | അക്ഷരം ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കുക പദവാക്യങ്ങൾ നിർമ്മാണം | രണ്ട് മാസത്തിൽ ഒന്ന് | മലയാളം ടീച്ചർ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹാരം | പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന | ആറു മാസം | മലയാളം ടീച്ചർ |
| 2. സ്വതന്ത്രവായന എല്ലാ കുട്ടികൾക്കും | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുന്നു. ക്ലാസ് ലൈബ്രറി നവീകരിക്കൽ | ആവശ്യമനുസരിച്ച് | വിദ്യാരംഗം ഇൻചാർജ്ജ് |
| 3. പത്രവായന പരിപോഷിപ്പിക്കുക | റീഡിംഗ്റൂം പ്രത്യേക സൗകര്യമൊരുക്കുക | | |
| 4. സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കുക രചനാ ശില്പശാല സ്കൂൾതല പത്രം പ്രസിദ്ധീകരിക്കുക | മാസത്തിൽ ഒന്ന് | മലയാളം അധ്യാപിക |

**ഉപമേഖല – ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കുക. ആഘോഷ കലണ്ടർ പ്രസിദ്ധീകരിക്കുക | ജൂൺ മുതൽ മാർച്ച് വരെ പത്ത് മാസം | |

## ഉപമേഖല – സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക- പ്രചാരണം. ബാലറ്റ് പേപ്പർ ഉപയോഗിച്ച് വോട്ടെടുപ്പ്<br>മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാലു തവണ | SS അധ്യാപകർ<br>സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ |
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ പ്രദർശിപ്പിക്കുക ക്ലാസ് ലൈബ്രറി വഴി വിതരണം | ആഴ്ചയിൽ ഒന്ന് | SS അധ്യാപകർ |
| പഠനയാത്രകൾ ചരിത്ര സ്മാരകങ്ങൾ മ്യൂസിയം, കോട്ടകൾ etc<br>സംവാദം-സെമിനാർ അവതരണം | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ പഠനയാത്ര നടത്തുക<br>സമകാലിക പ്രസക്തിയുള്ള വിഷയങ്ങൾ എടുത്ത് സംവാദം സെമിനാർ | വർഷത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന് | SS അധ്യാപകർ<br>SRG, S S അധ്യാപകർ |

## ഉപമേഖല – ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ-<br>വിദ്യാഭ്യാസം ഫലപ്രദമാക്കൽ | കരാട്ടെ, ചെണ്ട, കളരിപ്പയറ്റ് തുടങ്ങിയവയിൽ പരിശീലനം<br>സ്വയം പ്രതിരോധം തീർക്കാൻ പെൺകുട്ടികൾക്ക് പ്രത്യേക പരിശീലനം | ആഴ്ചയിൽ ഒരു ദിവസം<br>പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം | കായിക അധ്യാപകൻ<br>കായിക അധ്യാപകൻ |

| ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| പരമാവധി കുട്ടികൾക്ക് വിവിധതരം സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | ചിട്ടയായ പരിശീലനം- വിഷയവിദഗ്ദ്ധരുടെ ക്ലാസ് സംഘടിപ്പിക്കൽ. ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പിക്കൽ | വർഷത്തിൽ മൂന്നു മാസം | സയൻസ് ടീച്ചേഴ്സ് ക്ലാസ് ടീച്ചേഴ്സ് |

| ക്ലാസ് പി.ടി.എ ശക്തിപ്പെടുത്തുക<br>ഉപമേഖല - അക്കാദമികം - സാമൂഹ്യം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും, കുട്ടികളുടെ മികവും, പോരായ്മകളും തിരിച്ചറിയാനും അവരെ മുന്നോട്ട് എത്തിക്കുന്നതിൽ സഹകരണം ഉറപ്പു വരുത്തുക | CPTA കാര്യക്ഷമമായി നടത്തൽ. കുട്ടികളുടെ പഠന നേട്ടങ്ങൾ പഠനത്തെളിവ് എന്നിവയുടെ അവതരണം | വർഷത്തിൽ പത്ത് തവണ | SRG കൺവീനർ ക്ലാസ് ടീച്ചർ |

| ഉപമേഖല - ശാസ്ത്രം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ശാസത്ര തത്വങ്ങൾ ലളിതമായ പരിക്ഷണങ്ങളിലൂടെ പൊതുസമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുക.<br>2. സ്കൂൾ തല സയൻസ് എക്സിബിഷൻ. | വർഷത്തിൽ ഒന്ന്<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ്<br>സയൻസ് അധ്യാപകർ |
| ശാസ്ത്രമേള പൂർണ്ണ പങ്കാളിത്തം | കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക | ജനുവരി മാസം | സയൻസ് അധ്യാപകർ |
| ശാസ്ത്രലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രത്യേകം സജ്ജമാക്കുക | ജനുവരി മാസം | സയൻസ് ടീച്ചേഴ്സ് |

| ഉപമേഖല - ശാസ്ത്രം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ശാസ്ത്രമാസിക പതിപ്പ്<br><br>മോഡൽ നിർമ്മാണം | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ രചനകൾ<br>സയൻസ് ശില്പശാല സംഘടിപ്പിക്കുന്നു. ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തുന്നു | ആറുമാസത്തിൽ ഒരിക്കൽ<br><br>മൂന്നു മാസം | സയൻസ് ടീച്ചേഴ്സ്<br><br>ഇക്കോ ക്ലബ്ബ് സയൻസ് ടീച്ചേഴ്സ് |
| ഔഷധത്തോട്ടം | ഔഷധ സസ്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി സംരക്ഷണം | എല്ലാ ദിവസവും | ഇക്കോ ക്ലബ്ബ് |

| ഉപമേഖല - ഗണിതം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| 1. ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1. ഗണിതലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുക.<br><br>2. ജ്യാമതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയങ്ങളിൽ ഗണിതപാർക്ക് സജ്ജീകരിക്കൽ | ലാബ് സജ്ജീകരണം അവധിക്കാലത്ത്<br><br>ജൂൺ-ജൂലൈ | ഗണിത ടീച്ചർ<br><br>ഗണിത ടീച്ചർ |
| 2. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ | ഗണിത ടീച്ചർ |
| 3. ഗണിത ക്ലിനിക് | ഏറ്റവും മികച്ച വിദ്യാർത്ഥികളേയും അധ്യാപകരേയും ഉൾപ്പെടുത്തി ഗണിത ക്ലിനിക് രൂപീകരിക്കുന്നു. | ഒരു വർഷം | ഗണിത ടീച്ചർ |

| ഉപമേഖല - ഹിന്ദി | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നത് പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാവുക. | 1. ഹിന്ദി ന്യൂസ്, പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക | രണ്ട് മാസം | ഹിന്ദി ടീച്ചർ |
| | 2. ലൈബ്രറിയിൽ ഹിന്ദിയിലെ ചെറു പുസ്തകങ്ങൾ ലഭ്യമാക്കുക. | ആവശ്യമനുസരിച്ച് | ഹിന്ദി ടീച്ചർ |
| | 3. ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അംസബ്ലി | ആഴ്ചയിൽ ഒന്ന് | ഹിന്ദി ടീച്ചർ |
| | 4. ഹിന്ദി നാടകം<br>5. ഹിന്ദി പ്രസംഗം കവിതാലാപനം | | |

## ഉപസംഹാരം

നന്മണ്ട സരസ്വതി വിദ്യാമന്ദിർ ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളിന്റെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്ക്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികസനമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. ഈ ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ ഞങ്ങൾ അവതരിപ്പിച്ച പ്രവർത്തനങ്ങളിലൂടെ നടപ്പാക്കാൻ സാധിക്കുമെന്ന് പൂർണ്ണമായും വിശ്വസിക്കുന്നു.